**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **04-07-2022 - ൽ മറുപടിയ്ക്ക്**

**ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എതുവരെയായെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട 9.58 ആർസ് സ്ഥലം ശ്രീ. ചട്ടമ്പിസ്വാമി സ്മാരകം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് 12/02/2021-ലെ സ.ഉ (സാധാ) നം. 649/2021/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്, സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിക്കുകയും വിദഗ്ധ സമിതിയുടെ ശുപാർശ 06.06.2022 ന് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.<br><br>ശ്രീ. ചട്ടമ്പിസ്വാമി സ്മാരക നിർമ്മാണത്തിന് 9.58 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥന ലഭ്യമായിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഫലവത്തായ പൂർത്തീകരണത്തിന് 4.04 ആർ ഭൂമി കൂടി ഉൾപ്പെടുത്തി ആകെ 13.62 ആർസ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ്, 2013 സെക്ഷൻ 8(2) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത തീരുമാനം കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | ആയതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട 9.58 ആർസ് സ്ഥലം ശ്രീ. ചട്ടമ്പിസ്വാമി സ്മാരകം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് 12/02/2021-ലെ സ.ഉ (സാധാ) നം. 649/2021/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്, സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിക്കുകയും വിദഗ്ധ സമിതിയുടെ ശുപാർശ 06.06.2022 ന് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ശ്രീ. ചട്ടമ്പിസ്വാമി സ്മാരക നിർമ്മാണത്തിന് 9.58 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥന ലഭ്യമായിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഫലവത്തായ പൂർത്തീകരണത്തിന് 4.04 ആർ ഭൂമി കൂടി ഉൾപ്പെടുത്തി ആകെ 13.62 ആർസ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 8(2) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത തീരുമാനം കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ